# AMRITA VIDYALAYAM
## HALF YEARLY EXAMINATION 2017 - '18

**Class : VIII** | **Marks : 80**
**Time : 2½ hrs**

# മലയാളം

## പാരായണ വിഭാഗം

**I. താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

കലകളെ പൊതുവെ രണ്ടായി തിരിക്കാം. ദൃശ്യ കലകളും ശ്രവ്യകലകളും. കേരളത്തിലെ ദൃശ്യകലകളിൽ മുൻപന്തിയിൽ നിൽക്കുന്ന ഒന്നാണ് കഥകളി. കൊട്ടാരക്കര തമ്പുരാൻ രചിച്ച രാമനാട്ടമായിരുന്നു കഥകളിക്ക് തുടക്കം കുറിച്ചതു്. ഇതിനു പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിങ്ങനെ അഞ്ച് തരം വേഷങ്ങളാണുള്ളത്. ഇതിന്റെ സാഹിത്യരൂപമാണ് ആട്ടക്കഥ. ഉണ്ണായി വാരിയർ, ഇരയിമ്മൻ തമ്പി എന്നിവർ മികച്ച ആട്ടക്കഥ രചിച്ചവരാണ്. നൃത്തം, നാട്യം എന്നിവയുടെ ഒരു ചേരുവയായ ദൃശ്യകലയാണ് കഥകളി. അതിൽ ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീ ചതുർവിധ അഭിനയങ്ങളുണ്ട്.

1. കലകൾ പൊതുവെ എത്ര തരം? ഏതെല്ലാമാണവ? **2**
2. കേരളത്തിലെ ദൃശ്യകലകളിൽ മുൻപന്തിയിൽ നിൽക്കുന്നത് ഏതാണ്? **2**
3. കഥകളിക്ക് തുടക്കം കുറിച്ചത് എന്തായിരുന്നു? **2**
4. കഥകളിയിലുള്ള അഞ്ച് വേഷങ്ങൾ ഏതെല്ലാമാണ്? **2**
5. കഥകളിയുടെ സാഹിത്യരൂപം ഏത്? **2**
6. ദൃശ്യകലയായ കഥകളിയുടെ ചേരുവകകൾ എന്തെല്ലാമാണ്? **2**
7. മികച്ച രണ്ട് ആട്ടക്കഥ രചയിതാക്കളുടെ പേരെഴുതുക. **2**
8. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക. **1**

## രചനാവിഭാഗം

**II.** 'ചെമ്മീൻ' എന്ന നോവലിന്റെ ഒരു കോപ്പി അയച്ചുതരണമെന്ന് ആവശ്യപ്പെട്ട് മാനേജർക്ക് ഒരു കത്തെഴുതുക. 6

**III. ഉപന്യസിക്കുക.** 6

സ്ത്രീയും സമൂഹവും

അല്ലെങ്കിൽ

മിതവ്യയം ശീലിക്കേണ്ടതിന്റെ ആവശ്യകത

**IV. ആശയവിപുലനം.** 3

"കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ".

## വ്യാകരണ വിഭാഗം

**V. പ്രയോഗം മാറ്റുക.** ½

അനന്തു കഥ വായിച്ചു.

**VI. വാക്യശുദ്ധി വരുത്തുക.** ½

ഞാൻ കാണുമ്പോൾ അവർ പരസ്പരം തമ്മിൽതമ്മിൽ അടിപിടിക്കുകയായിരുന്നു.

**VII. അംഗ– അംഗി വാക്യം വേർതിരിച്ചെഴുതുക.** ½

അദ്ദേഹം ജീവിച്ചിരുന്നപ്പോഴും അവർ തമ്മിൽ ശത്രുതയിലായിരുന്നു.

**VIII. 'പ്രതീകം' എന്ന പദത്തിന്റെ അർത്ഥമെന്ത്?** 1

(അടയാളം, പ്രവൃത്തി, പ്രതീക്ഷ, ഗുണം)

**IX. വിധിവാക്യത്തെ അർത്ഥവ്യത്യാസം കൂടാതെ നിഷേധവാക്യമാക്കുക.** ½

വേദകാലത്തിൽ സ്ത്രീ സമൂഹത്തിൽ സംപൂജ്യയായിരുന്നു.

**X. സ്വാർത്ഥം എന്ന പദത്തിന്റെ എതിർപദം എഴുതുക.** ½

(അസ്വാർത്ഥം, നിസ്വാർത്ഥം, വിസ്വാർത്ഥം, അസഫലം)

**XI. നാനാർത്ഥം എഴുതുക.** ½

മതി

**XII. പര്യായപദങ്ങൾ എഴുതുക.** 1

1. ചിന്ത (വിചാരം, ഇഷ്ടം, മനസ്സ്, ആലോചന)
2. വാക്ക് (ഹസ്തം, ഉക്തി, മൂർദ്ധാവ്, വാണി)

**XIII. അർത്ഥവ്യത്യാസം എഴതുക.** ½

വാദം – വാതം

**XIV. പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** 2

1. തൂവമൃത്
2. പെറ്റമ്മ

**XV. വിഗ്രഹിച്ച് സമാസം കണ്ടെത്തുക.** 2

1. നൂതനയുഗം
2. സ്വർണ്ണഭൂഷണങ്ങൾ

**XVI. വാക്യം നിർമ്മിക്കുക.** ½

അപരിമിതം

## സാഹിത്യവിഭാഗം

**XVII. ഉത്തരമെഴുതുക.** 28

1. ഗീതാഞ്ജലിയിൽ ടാഗോർ കണ്ടെത്തിയ ലോകം എങ്ങനെയുള്ളതായിരുന്നു?
2. ഇടതു തോൾ തുടിച്ചപ്പോൾ സീത എടുത്ത പ്രതിജ്ഞ എന്ത്?
3. അമ്മ എന്ന പദത്തിന്റെ മഹത്വമെന്ത്?
4. ശൈവചാപം മുറിഞ്ഞപ്പോൾ രാജാക്കന്മാരിലും സീതാദേവിയിലുമുണ്ടായ പ്രതികരണങ്ങൾ എന്തെല്ലാം?
5. പുരുഷനോടൊപ്പം അവസരസമത്വമുള്ളവളാണ് സ്ത്രീ – ഉദാഹരണ സഹിതം വ്യക്തമാക്കുക.
6. സ്നേഹത്തെക്കുറിച്ചുള്ള ഉള്ളൂരിന്റെ അഭിപ്രായമെന്ത്?
7. “ന സ്ത്രീ സ്വാതന്ത്ര്യമർഹതി “എന്ന ആശയത്തിന് ലേഖകൻ നൽകുന്ന വ്യാഖ്യാനം എന്ത്?

**XVIII. പദ്യം പൂരിപ്പിക്കുക.** 4

“വില്ലെടുക്കാമോ ..................

................................ മുറിച്ചു ജിതശ്രമം".

**XIX. ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക.** **8**

1. "മഹത്തായ ശക്തിയുള്ളവൾ" എന്നർത്ഥം വരുന്ന പദമേത്?
   (വനിത, സ്ത്രീ, മഹിള)
2. ആ ബന്ധം കുമാരുവിന്റെ ജീവിതത്തിലെ വഴിത്തിരിവായി – ആരുമായുള്ള ബന്ധം?
   (ഉള്ളൂർ, ശ്രീനാരായണഗുരു, ഡോ. പൽപ്പു)
3. ആദ്യത്തെ പ്രാമാണിക നിയമസംഹിതയുടെ പേരെന്ത്?
   (രാമായണം, വേദങ്ങൾ, മനുസ്മൃതി)
4. നായികാപ്രാധാന്യമില്ലാത്ത ആശാൻ കവിത ഏത്?
   (വീണപൂവ്, ലീല പ്രരോദനം)
5. ശ്രീനാരായണ ധർമപരിപാലനയോഗത്തിന്റെ പ്രഥമസെക്രട്ടറി ആരായിരുന്നു?
   (വള്ളത്തോൾ, കുമാരനാശാൻ, ഡോക്ടർ. പല്പു)
6. ഓടയിൽനിന്ന് എന്ന നോവലിന്റെ കർത്താവ് ആര്?
   (തകഴി, കേശവദേവ്, എം.ടി.വാസുദേവൻ നായർ)
7. കേരളം പരിശുദ്ധിയുടെ പ്രതീകമാണ് എന്ന് പറഞ്ഞതാര്?
   (ഗാന്ധിജി, യാജ്ഞവൽക്യൻ, സ്വാമി വിവേകാനന്ദൻ)
8. 'ഇന്ന് ലോകമൊന്നായിരിക്കുന്നു – കമ്പികൊണ്ടും കമ്പിയില്ലാക്കമ്പികൊണ്ടും, കരളുകൊണ്ടല്ല' – ആരുടെ വാക്കുകളാണിവ?
   (ടാഗോർ, ഉള്ളൂർ, കുഞ്ഞുണ്ണിമാഷ്)